(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, വർക്കല രാധാകൃഷ്ണൻ പറഞ്ഞതിനെ സംബന്ധിച്ചാണ് ഞാൻ പറയുന്നത്. ഞാൻ നേരത്തെ പ്രസംഗത്തിൽ പറഞ്ഞു, വാടക കൊടുക്കുന്നതെല്ലാം പൊതുമരാമത്തുവകുപ്പ് അല്ല. പല ഡിപ്പാർട്ടുമെന്റിന്റേയും വാടക പല ഡിപ്പാർട്ടുമെന്റുകളാണ് കൊടുക്കുന്നത്. ഏതെങ്കിലും കിട്ടാത്തത് ഉണ്ടെങ്കിൽ അത് ചൂണ്ടിക്കാണിച്ചാൽ അതാത് ഡിപ്പാർട്ടുമെന്റുകളെ വേണ്ട നടപടി യെടുക്കു. ഗൗരിയമ്മക്ക് അത് ചോദിക്കാൻ തോന്നിയല്ലോ.

ശ്രീമതി കെ. ആർ. ഗൗരി: സർ, ബാക്കിയുള്ളവർക്ക് എന്തിന് പാസ് സാക്കി കൊടുക്കുന്നു.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ഗൗരിയമ്മയുടെ കാലത്ത് 1968-ൽ ഉണ്ടാക്കിയ നിയമത്തിൽ ഗവൺമെന്റ് കെട്ടിടത്തിലോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കെട്ടിടത്തിലോ ഉള്ളവരെ ഒഴിപ്പിക്കാമെന്ന വ്യവസ്ഥ യാണുള്ളത്. ഗൗരിയമ്മ ഇന്നു പറഞ്ഞതുപോലെ അന്ന് പ്രതിപക്ഷത്തിരി ക്കുന്നവരോ ഭരണകക്ഷിയിൽപെട്ടവരോ പറഞ്ഞിരിക്കും, ഒഴിപ്പിക്കുമ്പോൾ അവരുടെ ആവശ്യങ്ങളെല്ലാം പരിഗണിക്കണം എന്ന്. ഇന്ന് ഗൗരിയമ്മ പറഞ്ഞത് അവരെ ഒഴിപ്പിക്കുമ്പോൾ അവരുടെ ആവശ്യം പരിഗണിക്കണ മെന്നാണ്. ആ പഴയ നിയമത്തിലെ ഗവൺമെന്റ് കമ്പനികളിലോ കോർ പ്പറേഷനിലോ ഉള്ളവർക്കുകൂടി ബെനിഫിറ്റ് എക്സ്റ്റൻഡ് ചെയ്തു വെന്നതിൽ കവിഞ്ഞ് പുതിയ നിയമം ഇവിടെ കൊണ്ടുവരുന്നില്ല. അന്ന് അവരെ ഒഴിപ്പിക്കുന്നതിന് എന്തെല്ലാം പരിഗണിച്ചിരുന്നോ അതെല്ലാം ഇവരെ ഒഴിപ്പിക്കുന്ന സമയം പരിഗണിക്കും. ആ കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞു ഇനി പുതുതായി കൊണ്ടു വരാതിരിക്കാൻ ശ്രമിക്കണമെന്ന്. ഇക്കാര്യത്തിൽ എനിക്ക് ഉറപ്പ് പായാൻ കഴിയുകയില്ല. ചന്ദ്രശേഖരൻ തന്നെ മന്ത്രിയായിരുന്നുകൊണ്ട് വേറെ എന്തെങ്കിലും കൊണ്ടുവന്നാൽ അന്ന് ഞാൻ ഉണ്ടെങ്കിൽ, ഇപ്പോഴും അദ്ദേഹം പറഞ്ഞ മാതിരി അദ്ദേഹത്തെ എതിർക്കേണ്ടിവരും. ഏതായാലും വാഗ്ദാനം ചെയ്യാൻ സാധിക്കുകയില്ല. കഴിയുന്നതും വേഗം ഈ പദ്ധതി ആർക്കും ഉപദ്രവമില്ലാത്ത രീയിയിൽ ഭംഗിയായി നടത്താൻ ശ്രമിക്കാം എന്നു പറഞ്ഞു കൊണ്ട് ഇത് അംഗീകരിക്കണമെന്നു പറഞ്ഞുകൊണ്ട് നിറുത്തുന്നു.

1986-ലെ കേരള പൊതുകെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ഭേദഗതി ബിൽ പാസ്സാക്കണം എന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീ കരിച്ചു. പ്രമേയം സഭ അംഗീകരിക്കുകയും ബിൽ പാസ്സാക്കുകയും ചെയ്തു.

(3)1986-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമല): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1986-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണം എന്ന പ്രമേയം ഞാൻ അവതരി പ്പിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ഞാൻ അതിനെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി എം. കമലം : സർ, ഒരു നീണ്ട പ്രസംഗത്തിന്റെ ആവശ്യമില്ല. ഈ നിയമത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ച് ആ മുഖമായി അവതരിപ്പിച്ച പ്പോഴേ തന്നെ വിശദീകരിച്ചിട്ടുണ്ട്. ഈ നിയമം സബ്ജക്ട് കമ്മിറ്റിക്ക് പോകുകയും സബ്ജക്ട് കമ്മിറ്റി വളരെ നല്ല രീതിയിൽ ഇത് പാസ് സാക്കിത്തരുകയുമാണ് ഉണ്ടായത്. ചെറിയ വ്യത്യാസങ്ങൾ മാത്രമേ ഉണ്ടായിട്ടുള്ളൂ. സെക്ഷൻ 8(1)-ന്റെ 4-ാം ഉപവകുപ്പിൽ പറയുന്ന പ്രകാരമുള്ള പത്തുശതമാനം നിസർവേഷൻ വരുന്ന സന്ദർഭത്തിൽ ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും ഉദ്യോഗനിയമനങ്ങളിൽ പ്രാതിനിധ്യം കൊടുക്കേണ്ട കാര്യത്തെ സംബന്ധിച്ചിടത്തോളം Officers and Servants എന്നതിനു പകരം "എംപ്ലോയീസ്" എന്നാക്കി മാറ്റിയത് വളരെ സദുദ്ദേശത്തോടുകൂടിയാണ്. ഇത് ഞാൻ അംഗീകരിച്ചിട്ടുണ്ട്. എല്ലാ കാറ്റഗറിയിലും ഇത് പെടണം എന്നുള്ളതു കൊണ്ടാണ് അങ്ങനെ ഒരു ഭേദഗതി കൊണ്ടുവന്നത്. ഈ ബിൽ പാസാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എസ് ആർ. തങ്കരാജ് : സർ, ഞാൻ ഇതിനെക്കുറിച്ച് ഏതാനും കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുകയാണ്. ഈ സർക്കാർ തുടക്കം മുതൽ തന്നെ ഹരിജനസ്നേഹമാണ് ഏറ്റവും കൂടുതൽ പ്രകടിപ്പിച്ചുതുടങ്ങിയത്. ഹരിജന-ഗിരിജനപ്രേമം പ്രസംഗത്തിൽ പ്രകടിപ്പിച്ചിട്ടുള്ളത് ഒഴിവാക്കി, പ്രവർത്തനത്തിൽ എത്ര കണ്ട് പ്രാവർത്തികമാക്കിയിട്ടുണ്ട് എന്നുള്ളത് പരിശോധിച്ചാൽ, ഈ മന്ത്രിസഭയുടെ ആഗസ്ത് വച്ചു നോക്കിയാൽപോലും ഹരിജൻ-ഗിരിജൻ പ്രാതിനിദ്ധ്യം കൃത്യമായി പാലിച്ചിട്ടില്ലായെന്നു കാണാൻ കഴിയും. ഹരിജനങ്ങൾക്ക് പ്രാതിനിദ്ധ്യം കൊടുക്കണമെന്ന് പറയുമ്പോൾ ആദ്യം ഈ ജനപ്രതിനിധി സഭയിൽ മന്ത്രിമാരുടെ സെലക്ഷൻ നടത്തുമ്പോഴും, മന്ത്രിമാരെ തീരുമാനിക്കുമ്പോഴും കൊടുക്കേണ്ട 10 ശതമാനം എന്ന മാനദണ്ഡം കൊടുക്കുന്നില്ല. അതുപോലും പ്രാഥമികമായി നടത്താൻ തയ്യാറല്ലാത്ത ഒരു സർക്കാരാണിത്. ഹരിജനങ്ങൾക്കും സ്ത്രീകൾക്കും പ്രാതിനിദ്ധ്യം കൊടുക്കണമെന്നു പറഞ്ഞുകൊണ്ടുള്ള ഈ ഭേദഗതി സഹകരണ നിയമത്തിൽ കൊണ്ടുവരുമ്പോൾ ഈ സഹകരണ നിയമം കൊണ്ട് തുടക്കം മുതൽ അവസാനം വരെ അത് ഏതുവരെയുണ്ടോ, അതുവരേയും പ്രാവർത്തികം ആക്കേണ്ട ചുമതലയുണ്ട്. സബ്ജക്ട് കമ്മിറ്റിയിൽ ഇതിന്റെ ചർച്ചാവേളയിൽപോലും ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ഇക്കാര്യം ഉന്നയിച്ചതാണ്. ഇത് തുടക്കം മാത്രമേ ആയിട്ടുള്ളൂ എന്നാണ് പറയുന്നത്. കേരളപ്പിറവിയ്ക്ക് ശേഷം 30 വർഷം തികയാൻ പോകുകയാണ്. സഹകരണ തത്വം ഇൻഡ്യയിൽ നിലവിൽ വന്നിട്ട് എത്രയാണ്ട് അറനൂറ്റാണ്ടിലേറെയായി. ഈ സന്ദർഭത്തിൽ ഇന്നും പ്രാഥമിക സഹകരണസംഘങ്ങളിൽ മാത്രം ഒതുങ്ങിനിന്ന് ഹരിജനങ്ങൾക്കും, സ്ത്രീകൾക്കും പ്രാതിനിദ്ധ്യം കൊടുക്കണമെന്നു പറഞ്ഞാൽ ഇനി എത്ര നൂറ്റാണ്ടാണ്—പ്രാഥമികസഹകരണസംഘം മുതൽ സംസ്ഥാനതലംവരെ ഇത് എത്തിച്ചേരാൻ—കാത്തിരിക്കേണ്ടി വരിക? എന്തുകൊണ്ടാണ് അവർക്ക് അവഗണന കല്പിക്കുന്നത്? നിയമത്തിൽ സാങ്കേതികത്വമുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. അതുകൊണ്ടാണ് ഞാൻ എന്റെ ഭേദഗതിയിൽ—എന്റെ വിയോജനക്കുറിപ്പിൽ—അതിനുവേണ്ടി ഒരു വകുപ്പ് കൃത്യമായി എഴുതിച്ചേർത്തിട്ടുള്ളത്. മുൻവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സംസ്ഥാനത്തെ ഓരോ ജില്ലാ സംഘങ്ങളിലേയ്ക്കും കമ്മിറ്റികളിൽ ഒരു സീറ്റ് ഒരു വനിതാ അംഗത്തിനും, ഒരു സീറ്റ് പട്ടിക ജാതിയിലോ, പട്ടിക വർഗ്ഗത്തിലോപെട്ട അംഗത്തിനും വേണ്ടി സംവരണം ചെയ്യേണ്ടതും തെരഞ്ഞെടുക്കപ്പെട്ട പ്രാഥമിക സഹകരണസംഘത്തിലെ വനിതാ പട്ടികജാതി-പട്ടികവർഗ്ഗങ്ങളിൽ നിന്ന് ഓരോരുത്തരെ തെരഞ്ഞെടു

LIBRARY ARCHIVES Kerala Legislative Assembly

ക്കേണ്ടതും പ്രസ്തുത ആവശ്യത്തിനുവേണ്ടി ജില്ലാ സംഘത്തിന് അപ്രകാര ചെയ്യേണ്ടതാവശ്യമാണെന്നു തോന്നുന്നപക്ഷം രണ്ടംഗങ്ങളെക്കൂടി ചേർക്കുന്നതിനുവേണ്ടി കമ്മിറ്റിയിലെ ആകെ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാവുന്നതുമാണ്. അതിനൊരു ന്യായവാദം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടായി. സബ്ജക്ട്സ് കമ്മിറ്റിയിൽ ഇതിന്റെ ചർച്ച വന്നപ്പോഴും ഉന്നയിക്കപ്പെട്ടത് ഒരു കാര്യം മാത്രമാണ്. ഡെലിഗേറ്റ്സിനാണ് മത്സരിക്കുന്നതിനുള്ള അവകാശം. ഞാൻ സമ്മതിക്കുന്നു. ഡെലിഗേറ്റ്സിന് മത്സരിക്കുന്നതിനുള്ള അവകാശം മാത്രമുള്ളതുകൊണ്ടാണ് ഈ പ്രാഥമിക സഹകരണസംഘങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട വനിതാ-ഹരിജൻ-ഗിരിജൻ അംഗങ്ങൾക്ക്—ഓരോരുത്തർക്ക് നോമിനേഷൻ പേപ്പർ കൊടുക്കാം. ഒരു ജില്ലയിലുള്ള മൊത്തം സഹകരണസംഘങ്ങളിലുള്ള ഈ രണ്ട് അംഗങ്ങൾക്ക് മാത്രമാണ് അങ്ങനെ വോട്ടവകാശമുള്ളത്. ആ രണ്ടാളുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു തെരഞ്ഞെടുപ്പ് നടത്തുന്നതിനും ജില്ലാ ലവലിൽ എത്ര അംഗങ്ങളെയാണോ ഉൾക്കൊള്ളിച്ചിട്ടുള്ളത് അതിൽ രണ്ടംഗങ്ങളെക്കൂടി ചേർക്കുന്നതിനുവേണ്ടി ഒരു ഭേദഗതി കൊണ്ടുവരുന്നതിനു യാതൊരു ബുദ്ധിമുട്ടുമില്ലാത്തതുമാകുന്നു.

കേരളത്തിൽ 14 ജില്ലകളാണ് മാത്രമേയുള്ളൂ. ഈ 14 ജില്ലകളിൽ നിന്നുമായി ഡെലിഗേറ്റ്സ് ആയി വരുന്നവരാണ് കേന്ദ്ര അപ്പെക്സ് സംഘങ്ങളിൽ ബോർഡ് ഡയറക്ടർമാരായി വരുന്നത്. അവിടെ 14 ജില്ലാസഹകരണ ബാങ്കുകളിലെ 28 ആളുകളെ ഉൾപ്പെടുത്തി ഒരു തെരഞ്ഞെടുപ്പ് നടത്താൻ സാധിക്കുകയില്ലായെന്നു പറയുന്നത് ശരിയല്ല.

സ്ത്രീകൾക്ക് ഈ രംഗങ്ങളിൽ വന്നുകൂടേ, എന്താ കുഴപ്പം? നമ്മുടെ പ്രധാനമന്ത്രിസ്ഥാനം എത്രകാലമാണ് ശ്രീമതി ഇന്ദിരാഗാന്ധി അലങ്കരിച്ചിരുന്നത്? ചരിത്രാതീതകാലത്തേക്ക് നോക്കിയാൽതന്നെ തന്നെ സാൻസിറാണി, സരോജിനിനായിഡു ഇവരെയൊക്കെ കാണാൻ കഴിയും. അങ്ങനെയുള്ള പ്രഗത്ഭമതികളായ വനിതകളും ഇവിടെ ഉണ്ടായിരുന്നിട്ടുണ്ട്. എന്നാൽ ഇന്ന് അപ്പെക്സ് സംഘങ്ങളിലും, ജില്ലാതല സംഘങ്ങളിലും ഒരു വനിതയ്ക്ക് പ്രാതിനിദ്ധ്യം കൊടുക്കുന്നതിന് ഇത് തുടക്കം മാത്രമേയായിട്ടുള്ളൂ, അതിനു ഇനിയും ദീർഘനാൾ കാത്തിരിക്കേണ്ടിവരികയെന്നു പറയുന്നത് അപഹാസ്യമാണ്. അതിനുവേണ്ടി ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവരുന്നതിന് സബ്ജക്ട്സ് കമ്മിറ്റിയിൽ ഇത് അവതരിപ്പിക്കുമ്പോഴും തന്നെ യാതൊരു ബുദ്ധിമുട്ടും ഉണ്ടായിരുന്നില്ല. യഥാർത്ഥത്തിൽ ഇത് തത്വത്തിൽ അംഗീകരിക്കണമെന്നും ബഹുമാനപ്പെട്ട മന്ത്രിക്കോ രേണപക്ഷത്തുള്ള ആളുകൾക്കോ ആഗ്രഹമുണ്ടെങ്കിൽ ഈ ഭേദഗതികൂടി ഇതിൽ ഉൾക്കൊള്ളിക്കണം. അതിൽ വർഷങ്ങളോളം കാത്തിരിക്കേണ്ട കാര്യങ്ങളൊന്നുമില്ല. അങ്ങനെ നിയമപരമായി ഇതിനു യാതൊരു ബുദ്ധിമുട്ടുമുണ്ടാകുന്നതല്ല. അതിനാൽ അങ്ങനെ കാത്തിരിക്കാതെ ഇത് നടപ്പിലാക്കുന്നതിനുവേണ്ട നടപടികളും സ്വീകരിക്കണം.

മറ്റൊന്ന് സഹകരണസംഘങ്ങളിലെ നിയമനത്തെക്കുറിച്ചാണ്. നിയമനത്തെ സംബന്ധിച്ചുള്ള ക്രമക്കേടുകൾ, അതിനെക്കുറിച്ചുള്ള പരാതികൾ ഇവയൊക്കെ കണക്കിലെടുത്താൽ ഇത് പി. എസ്. സി. യുടെ നിയമനങ്ങളിൽ ഉണ്ടായിട്ടുള്ളതിനേക്കാൾ പരാതികളേറെയാണ്. പി. എസ്. സി.യെക്കുറിച്ച് നമ്മൾ വളരെ പരിപാവനതയും, ഉന്നതമാനദണ്ഡവുമൊക്കെ പുലർത്തണമെന്നു പറയാറുണ്ട്. എങ്കിലും ഈയടുത്തകാലത്തായി പത്രങ്ങളിൽ വന്നിട്ടുള്ള വാർത്തകൾ അങ്ങയുടേയും ശ്രദ്ധയിൽപെട്ടിരിക്കും. അത്രയും മോശമായ രീതിയിലാണ് അവിടെ നടന്നതെങ്കിൽ, അതിനേക്കാളേറെ പരാതിക്ക് ഇടനൽകിയിട്ടുള്ള ഒരു രംഗമാണ് സഹകരണസ്ഥാപനങ്ങളിലെ നിയമനത്തെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് ഉള്ളതാണ്. ഓരോരുത്തർക്കും തോന്നിയതുപോലെയാണ് നിയമനങ്ങളും നടത്തുന്നത്. തിരുവനന്തപുരത്ത് അനന്തശയനം എന്നൊരു സൊസൈറ്റിയുണ്ട്. അത് വളരെ ഭംഗിയായി പ്രവർത്തിക്കുന്ന ഒരു ബാങ്കാണ്. അവിടെ ഇതുവരെ ഒരു സമുദായത്തിൽപെട്ടവരെയല്ലാതെ മറ്റേതെങ്കിലുമൊരു സമുദായത്തിൽപെട്ട ഒരാളിനുപോലും മെമ്പർഷിപ്പ് കൊടുത്തിട്ടില്ല. പ്രാഥമിക അംഗത്വംപോലും കൊടുത്തിട്ടില്ല. ഇതാണ് ഇവിടെ നിലനിൽക്കുന്ന വ്യവസ്ഥിതി. ഈ രീതിയിൽ തോന്നിയവരെ നിയമിക്കുന്ന ഒരു പ്രകൃതം സഹകരണസ്ഥാപനങ്ങളിലെ അംഗങ്ങൾക്കിടയിൽ നിലനിൽക്കുകയാണ്. ഇത്രയും അഴിമതികളും സഹകരണസ്ഥാപനങ്ങളിലെങ്കിലും ഒഴിവാക്കണമെന്നാണ് പറയുന്നത്. അത് ഒഴിവാക്കേണ്ടതു കാലഘട്ടത്തിന്റെ ഒരാവശ്യമാണ്. ഇന്ന് ഏത് മേഖലയിൽ ചെന്നാലും അഴിമതിയില്ലാത്ത ഒരു രംഗമില്ല. ഇങ്ങനെയൊരു പരാതി സാർവ്വത്രികമായി കേൾക്കാൻ കഴിയുന്നതാണ്. സർക്കാർ ആഫീസുകളിൽ ചെന്നാൽ ശുപാർശയില്ലാതെ ഒരു കാര്യവും നടക്കുകയില്ല. പി.എസ്.സി.യിൽ ഇന്ന് നിലവിലിരിക്കുന്ന സംവരണതത്വം സഹകരണമേഖലയിൽ സ്ഥാപിക്കുവാൻ വേണ്ടി നാളിതുവരെ എന്തു നടന്നിട്ടുണ്ട് എന്നതിനുപരിയായി ഇനി നടക്കാൻ പോകുന്ന നിയമനങ്ങളിലെങ്കിലും സംവരണതത്വം പാലിക്കാൻ വേണ്ടി ഒരു നിയമനിർമ്മാണം കൊണ്ടുവരുന്നതിന് യാതൊരു ബുദ്ധിപ്പാടുമില്ല. ക്ലാസ്ബൈക്ലാസ്സായി ഭേദഗതികൾ അവതരിപ്പിച്ചിട്ടുള്ളതിൽ ഭരണകക്ഷിഭാഗത്തുനിന്നാണ് ഏറ്റവും കൂടുതൽ ഭേദഗതി വന്നിട്ടുള്ളത്. ആ രീതിയിൽ അഴിമതി ഏറ്റവും കൂടുതൽ നിലനിൽക്കുന്നു. സംവരണതത്വം പാലിക്കുന്നതിനുവേണ്ടി ഭേദഗതി കൊണ്ടുവരണം, അതിനുവേണ്ടി വളരെ ഉദ്ദേശശുദ്ധിയോടുകൂടിയാണ് ഈ ഭേദഗതി സഹകരണനിയമത്തിൽ കൊണ്ടുവന്നിട്ടുള്ളത്. വളരെ കാര്യമായി കൊണ്ടുവന്നിട്ടുള്ള ഈ രണ്ടു ഭേദഗതികൾക്കുകൂടി ഉൾക്കൊള്ളിച്ച് ഇത് നിയമമാക്കികൊണ്ടുവരുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

Shri C.T.Ahamed Ali : Sir, I move that the Kerala Co-operative Societies (Amendment) Bill, 1986 as reported by the Subject Committee be circulated for obtaining public opinion. ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി ഏറ്റവും അനിവാര്യമായ ഒരു നടപടിയാണ് ഇവിടെ സ്വീകരിച്ചത്. സഹകരണ പ്രസ്ഥാനത്തിൽ ഇന്ന് ഇൻഡ്യയുടെ മറ്റ് സംസ്ഥാനങ്ങളേക്കാൾ വളരെ മുന്നിൽ നിൽക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടെ സംസ്ഥാനം. ഇന്ന് സഹകാര്യമേഖലയും, പൊതുമേഖലയും പരസ്പരം മത്സരം നടക്കുമ്പോൾ സഹകരണപ്രസ്ഥാനം കൂടുതൽ വ്യാപിപ്പിക്കേണ്ടത് ഒരാവശ്യമാണ്. ഈ ഘട്ടത്തിൽ നമ്മുടെ സമൂഹത്തിലെ ഏറ്റവും ദുർബ്ബലരായ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപെട്ടവർക്കും, സ്ത്രീകൾക്കും വേണ്ടി പ്രത്യേക സംവരണം ഏർപ്പെടുത്തിയ നടപടി തീർച്ചയായും ഈ നാട്ടിലെ നല്ലവരായ മുഴുവൻ ആളുകളും സ്വാഗതം ചെയ്യുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതേയവസരത്തിൽതന്നെ ഈ പാവപ്പെട്ടവർക്ക് വേണ്ടി റിസർവേഷൻ ഏർപ്പെടുത്തിയിട്ടുള്ള നടപടികൾ 10 ശതമാനം സംവരണം, സെക്രട്ടറി മുതൽ ശിപായിവരെയുള്ളവർക്ക്—വളരെ സന്തോഷത്തോടുകൂടിയാണ് നാം സ്വീകരിക്കുന്നത്.

സർ, അതോടൊപ്പംതന്നെ നമ്മുടെ സമൂഹത്തിൽ വളരെ പിന്നോക്കം കിടക്കുന്ന മറ്റ് ദുർബ്ബല പിന്നോക്ക വിഭാഗങ്ങളെക്കൂടി പി. എസ്. സി. മുഖേന നിയമനം നടത്തുന്ന രീതിയിൽ സാമുദായികസംവരണം നടപ്പാക്കാനുള്ള നടപടികൾകൂടി സ്വീകരിക്കേണ്ടതാണെന്ന് സഹകരണ വകുപ്പുമന്ത്രിയോട്

LIBRARY ARCHIVES Kerala Legislative Assembly

അഭ്യർത്ഥിക്കുന്നു. ഇന്നു പാർലമെൻറിനേറതും അസംബ്ലിയുടേയുമെല്ലാം തെരഞ്ഞെടുപ്പ് 5 വർഷത്തിലൊരിക്കലാണ്. അതുപോലെ സഹകരണ സ്ഥാപനങ്ങളിലേയും തെരഞ്ഞെടുപ്പ് 3 വർഷത്തിനുപകരം 5 വർഷമാക്കാനുള്ള തീരുമാനം തീർച്ചയായും വളരെ നല്ലതാണ്. അതോടൊപ്പം സഹകരണ സ്ഥാപനങ്ങളിൽനിന്നു കടമെടുക്കുമ്പോഴും അതു കൃത്യമായി പിരിച്ചെടുത്തു സഹകരണസ്ഥാപനങ്ങളെ രക്ഷിക്കാനുള്ള നിയമഭേദഗതി കൊണ്ടുവന്നു സഹകരണസ്ഥാപനങ്ങളെ രക്ഷിക്കാനുള്ള ബാദ്ധ്യത ഗവൺമെൻറിനുണ്ട്. കോടതിയുടെ ഒരു വിധിമൂലം അതു സംരക്ഷിക്കാനുള്ള, അതിൻെറ പഴുതടയ്ക്കാനുള്ള സമഗ്രമായ ഒരു നടപടിയാണിത്. ഈയവസരത്തിലെങ്കിലും ബഹുമാനപ്പെട്ട മന്ത്രി ഇതിനുവേണ്ട നടപടി സ്വീകരിച്ചതിൽ തീർച്ചയായും സന്തോഷമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇനിയും അടുത്തുതന്നെ സമഗ്രമായ ഒരു സഹകരണനിയമം കൊണ്ടുവരുമെന്നുള്ളതിനെ ഞാൻ സ്വാഗതം ചെയ്യുന്നു.

ശ്രീ ടി. പി. പീതാംബരൻ മാസ്റ്റർ : സർ, ഞാൻ എൻെറ ഭേദഗതി അവതരിപ്പിക്കുകയാണ്.

'The Kerala Co-operative Societies (Amendment) Bill,1986 as reported by the Subject Cominittee be recommitted to the same Subject Committee'.

സർ, ഇതിനകത്തു ഒരു വനിതാ അംഗത്തിനും പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരു അംഗത്തിനും ഓരോ സീറ്റ് വീതം രണ്ടു സീറ്റുകൂടി പ്രൈമറി സൊസൈറ്റികളിൽ സംവരണം ചെയ്തുകൊണ്ടുള്ള ഭേദഗതിയാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇവിടെ അങ്ങനെയൊരു മാറ്റം വരുന്നത് തീർച്ചയായും സ്വാഗതാർഹമായ നടപടിയാണ്. പക്ഷെ ഈ ബില്ലിനകത്ത് ഇതു പ്രൈമറി സൊസൈറ്റികളിൽ മാത്രമായി ഒതുക്കിനിർത്തുന്നതിൻെറ ഉദ്ദേശം മനസ്സിലാകുന്നില്ല. ഹരിജനങ്ങളും വനിതകളുമൊക്കെ ഏറ്റവും താഴെ തലത്തിൽതന്നെ നിന്നാൽ മതിയെന്നാണോ ? ആ ഒരു ഘട്ടത്തിൽത്തന്നെ അവരെ നിലനിർത്തിക്കൊണ്ട് ഇപ്പോഴുള്ള നിയന്ത്രണം, മറ്റു കമ്മിറ്റികളിലൊക്കെ പുരുഷൻെറ മേധാവിത്വവും സവർണ്ണമേധാവിത്വവും ഉള്ളതു ഇനിയും കുറെക്കാലംകൂടി തുടരണമെന്നാണോ ഗവൺമെൻറിൻെറ നയമെന്ന് പറഞ്ഞാൽ തരക്കേടില്ല. ഈ ഗവൺമെൻറിന് ഹരിജനങ്ങളോടും വനിതകളോടുമുള്ള ആഭിമുഖ്യം അല്ലെങ്കിൽ അവരുടെ അവകാശം അംഗീകരിക്കാനുള്ള താൽപ്പര്യം യഥാർത്ഥത്തിലുണ്ടെങ്കിൽ ഇത്തരമൊരു ഭേദഗതി കൊണ്ടുവരുമ്പോഴത്തന്നെ ആ ഭേദഗതി സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന എല്ലാ മേഖലകളിലും ക്രെഡിറ്റ് സംഘങ്ങളിലും വ്യാവസായിക സഹകരണസംഘങ്ങളിലും മറ്റു ഏതുതരം സഹകരണസംഘങ്ങളിലും അതിൻെറ ജില്ലാസംഘങ്ങളിലും സംസ്ഥാനതല സംഘങ്ങളിലുമൊക്കെ നടപ്പാക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇങ്ങനെയൊരു ഭേദഗതി വരുമ്പോഴും സഹകരണമേഖലയിൽ ഇതുവരെയും പുറത്താക്കപ്പെട്ടുകിടന്നിരുന്ന അംഗത്വംപോലും ലഭിക്കാൻ കഴിയാതെ വന്നിട്ടുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ ആളുകൾക്കും സ്ത്രീകൾക്കും സാമ്പത്തികരംഗത്തു വലിയ സ്വാധീനം ചെലുത്താൻ ഇടവന്നിട്ടുള്ള ഈ സഹകരണമേഖലയിലൂടെ രാജ്യത്തെ സാമ്പത്തികകാര്യങ്ങളിൽ അവർക്ക് ഒരു ചെറിയ പങ്കെങ്കിലും ലഭിക്കുന്നതിനുള്ള സന്ദർഭമുണ്ടാക്കും. അതുകൊണ്ട് ഇത് അടിയന്തിരമായി നടപ്പാക്കണമെന്നുപറയുമ്പോൾ ക്രെഡിറ്റ് സൊസൈറ്റികൾക്ക് മാത്രംപോരാ മറ്റു സൊസൈറ്റികളിലും വേണമെന്നു ഞാൻ പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാമത്തെ കാര്യം ഇതിനകത്തു പറഞ്ഞിട്ടുള്ളത് ഈ ഭേഗതിയുടെ ഫല മായിട്ട് ആവശ്യമാണെങ്കിൽ നമ്പർ വർദ്ധിപ്പിക്കാമെന്നാണ്. രണ്ടു സ്ഥാനങ്ങൾ വർദ്ധിപ്പിക്കാമെന്നാണ്. 'ആവശ്യമാണെങ്കിൽ' എന്നയൊരു കണ്ടീഷന്റെ അർത്ഥം മനസ്സിലാകുന്നില്ല. സ്വാഭാവികമായും രണ്ടു പുതിയ ആളുകൂടി പ്രതിനിധ്യം കൊടുക്കുന്നതു് ആവശ്യമാണെന്ന് കണ്ടീഷൻ വയ്ക്കാതെ തന്നെ രണ്ടു സ്ഥാനങ്ങൾ വർദ്ധിപ്പിച്ചുകൊടുക്കുന്നതുകൊണ്ട് ഒരപകടവും ഉണ്ടാകാനില്ല. മൂന്നാമത് മറ്റൊരു കാര്യം പറയാനുള്ളത് ഇത്രയും കാര്യങ്ങളിൽ താൽപ്പര്യമെടുക്കുന്ന ഒരു ഗവൺമെന്റ് തീർച്ചയായും എന്തുകൊണ്ട് തെര ഞ്ഞെടുക്കുന്ന സമിതികൊണ്ടു തന്നെ ഭരിച്ചാൽ മതിയെന്നു നിഷ്കർഷിക്കുന്നതി നോട് യോജിക്കുന്നില്ല. ഇന്ന് 5 പേരെ സൊസൈറ്റികളിൽ നോമിനേറ്റ് ചെയ്യുന്ന സമ്പ്രദായമാണ് നിലനിൽക്കുന്നത്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ജനങ്ങൾ തെരഞ്ഞെടുക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ പ്രതി നിധിയും വനിതാ പ്രതിനിധിയുമായിരിക്കണമെന്ന തത്വത്തിൽ അംഗീകരിച്ചു കൊണ്ട് തെരഞ്ഞെടുക്കുന്ന സമിതികൊണ്ടുതന്നെ ഭരിച്ചാൽ മതിയെന്നു നിഷ്കർ ഷിക്കുന്നതിനോട് എന്തുകൊണ്ട് യോജിക്കാൻ കഴിയുന്നില്ലെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ്, ഇപ്പോഴത്തെ നമ്മുടെ മന്ത്രി പ്രതിപക്ഷത്തിരുന്ന കാലത്തൊക്കെ, അന്നു സൊസൈറ്റികളിലെ നോമിനേഷനെ വെല്ലുവിളിക്കുകയും അതു അവസാനി പ്പിക്കണമെന്നു ശക്തിയായി ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളത് ഞാൻ ഇപ്പോഴും ഓർക്കുകയാണ്. ആ മഹതി ഇപ്പോഴും നാലു നാലര കൊല്ലമായിട്ട് ഈ വകുപ്പു കൈകാര്യം ചെയ്യുമ്പോഴും പ്രതിപക്ഷത്ത് ആയിരുന്ന കാലത്ത് ഉന്നയിച്ച കാര്യങ്ങൾ നടപ്പാക്കാനുള്ള ആത്മാർത്ഥതയെങ്കിലും കാണിക്കണം. നിക്ഷിപ്തമായ താൽപ്പര്യങ്ങളിൽ മൽസരിച്ചു സ്വാധീനം ചെലുത്തി അധികാര ത്തിൽ വന്നുകഴിഞ്ഞപ്പോഴും പാർട്ടിതാൽപ്പര്യക്കാരെ അതിനകത്തു തിരുകി കയറ്റാൻവേണ്ടി ഈ വകുപ്പുകളിൽ ഈ വ്യവസ്ഥ ഇനിയും നിലനിർത്തുന്നത് ശരിയല്ല. ഈ ബില്ലു പാസ്സാക്കുന്നതിനുമുമ്പ് ഈ നോമിനേഷൻ സമ്പ്രദായംകൂടി പൂർണ്ണമായി അവസാനിപ്പിക്കുകതന്നെ വേണം. കൂടുതൽ ആളുകളെ തെരഞ്ഞെടുക്കപ്പെടാൻ അനുവദിച്ചുകൊണ്ട് ഈ നോമിനേഷൻ അവസാനിപ്പിക്കാനുള്ള തീരുമാനംകൂടി വേണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) : സർ, ഇവിടെ ഉന്നയി ച്ചിട്ടുള്ള അഭിപ്രായം ഒരു പ്രകാരത്തിൽ സ്വാഗതാർഹമാണെങ്കിലും പ്രൈമറി സംഘങ്ങൾ എന്നു മാത്രം പറയാൻ കാരണം, സമൂഹത്തിന്റെ അടിത്തട്ടിലുള്ള ദുർബ്ബലവിഭാഗങ്ങൾക്ക്, ഹരിജനങ്ങൾക്ക്, ഗിരിജനങ്ങൾക്ക്, സ്ത്രീകൾക്ക് എല്ലാം ലക്ഷക്കണക്കിന് രൂപ വായ്പ കൊടുക്കുന്ന ഒരു പ്രവർത്തിയാണിത്. വളരെ അടിസ്ഥാനപരമായ വളരെ കാതലായ ഒരു പ്രവർത്തിയാണ്. ഇൻസ്റ്റിറ്റ്യൂഷണൽ മെമ്പർഷിപ്പാണ് നമുക്കുള്ളത്. അതല്ലാതെ അപ്പക്സ് ബോർഡിലും സംസ്ഥാനതലത്തിലുള്ള സ്ഥാപനങ്ങളിലും ജില്ലാതലത്തിലുള്ള സ്ഥാപനങ്ങളിലും ഉള്ള ഇൻഡിവിഡുവൽ മെമ്പർഷിപ്പല്ല. ഇൻസ്റ്റിറ്റ്യൂഷണൽ മെമ്പർഷിപ്പാണ്. ഇവിടെ നമുക്ക് വ്യക്തികളെന്നുള്ള നിലയ്ക്ക്, അംഗങ്ങളെന്നുള്ള നിലയ്ക്ക് സ്ത്രീകളെയോ ഹരിജനങ്ങളെയോ എടുക്കാൻ പറയുന്നത് ശരിയാകുകയില്ലെന്നുള്ളതുകൊണ്ടാണ് ആദ്യം അടിത്തട്ടിലുള്ള ഏതാണ്ട് പതിമൂവായിരത്തോളം സംഘങ്ങളിൽ ഒരു വനിതയേയും ഒരു ഹരിജന-ഗിരിജന അംഗത്തേയും എടുക്കുകയെന്നു പറയുന്നത് തീർച്ചയായും വളരെ വലിയ വിപ്ലവകരമായ ഒരു പരിവർത്തനമാണ്.

ശ്രീ. സി. ടി. അഹമ്മദലി അവതരിപ്പിച്ച ഭേഗതി സഭയുടെ അനുമതി യോടെ പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ അവതരിപ്പിച്ച ഭേഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1988-ലെ കേരള സഹകരണസംഘം (ഭേഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഞാൻ ഭേഗതി അവതരിപ്പിക്കുന്നു.

'In clause (oa) proposed to be inserted in section 2 of the Principal Act by sub-clause (1) of clause 2, after the words "raising of funds" add the words "by way of loans and deposits".

സർ, ഈ ഭേഗതികൊണ്ട് ഞാൻ മുഖ്യമായും ഉദ്ദേശിക്കുന്നത് പ്രൈമറി സഹകരണസംഘങ്ങളുടെ സ്വഭാവം എന്തായിരിക്കണമെന്നുള്ളതിനെ സംബന്ധിച്ചാണ്. പ്രൈമറി സഹകരണസംഘങ്ങളെ ഇതിൽ നിർവ്വചിച്ചിരിക്കുന്നത് by raising of funds' എന്നാണ്. ഫണ്ട് റെയ്സ് ചെയ്യുക എന്നു മാത്രം പറഞ്ഞതുകൊണ്ടായില്ല. കുറച്ചുകൂടി വ്യക്തത വരുന്നതിനുവേണ്ടി ലോണും ഡെപ്പോസിറ്റും സ്വീകരിക്കാൻ പ്രൈമറി സംഘങ്ങൾക്ക് അവകാശമുണ്ടായിരിക്കണം. അങ്ങനെയൊരു വ്യക്തമായ രൂപം ഈ ഭേഗതിയിൽ, ഈ നിർവചനത്തിൽ കാണുന്നില്ല. സഹകരണസംഘങ്ങളുടെ പ്രവർത്തനമേഖല വിപുലപ്പെടുത്തുകയെന്ന ഉദ്ദേശംകൊണ്ടാണ് ഈ ഭേഗതി കൊണ്ടുവന്നിട്ടുള്ളത്. ഈ ഭേഗതി മന്ത്രിക്ക് സ്വീകരിക്കാവുന്നതാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, ഞാൻ ഭേഗതി അവതരിപ്പിക്കുന്നു.

'Clause (oa) proposed to be inserted in section 2 of the Principal Act by sub-clause (1) of clause 2 shall be deleted'. സൊസൈറ്റിയെ സംബന്ധിച്ചുള്ള ഡെഫനിഷനെ ഞാൻ ചോദ്യം ചെയ്യുന്നില്ല. 'Primary Credit Society means a Society' എന്നു പറഞ്ഞു തുടങ്ങുന്നതാണ് ഡെഫനിഷൻ. ആ ഡെഫനിഷന്റെ ആവശ്യം ഈ ബില്ലിൽ പ്രത്യേകമായി എടുക്കേണ്ടെന്നാണ് എന്റെ വാദം. കാരണം പ്രൈമറിക്രെഡിറ്റ് സൊസൈറ്റികളിൽ മാത്രം മതിയോ സ്ത്രീകളുടേയും ഹരിജനങ്ങളുടേയും പ്രാതിനിധ്യം. അങ്ങനെയാണെങ്കിൽ കൈത്തറി സഹകരണസംഘം, പാൽ സഹകരണസംഘം അതുപോലെ സഹകരണമേഖലയിൽ പ്രവൃത്തിയെടുക്കുന്ന എത്ര സഹകരണസ്ഥാപനങ്ങളുണ്ട്. അതുപോലെയുള്ള സഹകരണസ്ഥാപനങ്ങളിലൊന്നുംതന്നെ ഹരിജനവിഭാഗത്തിൽപ്പെട്ടവരുടേയും സ്ത്രീകളുടേയും പ്രാതിനിധ്യം വേണ്ടെന്നാണോ മന്ത്രി ഉദ്ദേശിക്കുന്നത്. അതുകൊണ്ട് പ്രൈമറി സഹകരണസംഘങ്ങളുംപ്പെടെയുള്ള എല്ലാ വിഭാഗം സഹകരണസംഘങ്ങളിലും സ്ത്രീകൾക്കും ഷെഡ്യൂൾഡ് കാസ്റ്റിൽപ്പെട്ടയാളുകൾക്കും പ്രാതിനിധ്യം കൊടുത്തുകൊണ്ട് 'Primary Credit Society means a Society' എന്നുള്ള ഡെഫനിഷൻ എടുത്തുകളയണമെന്ന നിർദ്ദേശം ഞാൻ വയ്ക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) : സർ, ശ്രീ. വർക്കല രാധാകൃഷ്ണൻ ഉന്നയിച്ച പ്രൈമറി ക്രെഡിറ്റ് സംഘങ്ങളുടെ നിർവചനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഫണ്ട് റൈസു ചെയ്യുകയെന്നത് ഇന്നു പ്രൈമറിസംഘങ്ങളെ സംബന്ധിച്ചിടത്തോളം വായ്പകളും അതുപോലെതന്നെ പെയറുകളുമൊക്കെത്തന്നെയാണ്. ഫണ്ട് റൈസ് ചെയ്യുകയെന്നുപറഞ്ഞാൽ ഇതു രണ്ടും തന്നെയാണ്, അർത്ഥം ഒന്നുതന്നെയാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. ഡെ. തകുപ്പർ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

മൂന്നാം വകുപ്പ്

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഞാൻ ഭേദഗതി അവതരിപ്പിക്കുന്നു. In section 28A of the parent Act proposed to be added by clause 3 for the words "primary credit society wherever they occur substitute the words apex society, central society, service society, Primary Credit Society and Industrial Co-operative Society".

ഈ ബില്ലിന്റെ ചർച്ചയിലും മറ്റും ഇവിടെ ഉന്നയിച്ച ഒരു പ്രശ്നമാണ്. പ്രൈമറി ക്രെഡിറ്റ് സൊസൈറ്റികളിൽ മാത്രം ഈ സംവരണം ഒതുക്കി നിർത്തണമെന്നാണ് ഇപ്പോഴത്തെ നിയമംകൊണ്ട് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോഴും പറഞ്ഞു ലോൺ കിട്ടുന്നതിനുള്ള സൗകര്യങ്ങളും പാരാവധി ഉണ്ടാക്കുന്നതിനുവേണ്ടിയാണ് സംഘങ്ങളിലെ പ്രൈമറി ക്രെഡിറ്റ് സൊസൈറ്റികളിൽ വനിതകളേയ്ക്കും ഹരിജനങ്ങളേയും എടുക്കുന്നത് എന്ന്. അതേസമയം അപ്പെക്സ് സൊസൈറ്റികളും മറ്റുള്ള സെൻട്രൽ സൊസൈറ്റികളുമെല്ലാം നയം രൂപീകരിക്കുന്ന ബോഡിയാണ്, അതുകൊണ്ട് ഇവിടെ ആവശ്യമില്ല എന്നാണ് പറഞ്ഞത്. നയരൂപീകരണത്തിൽ സ്ത്രീകളും ഈ രാജ്യത്ത് അവരുടെ പങ്കു കൊടുക്കാൻ പാടില്ലേ? പ്രൈമറി സംഘങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഡെലിഗേറ്റുകളിൽനിന്നാണ് ഈ അപ്പെക്സ് ബോഡിയിൽ തെരഞ്ഞെടുപ്പുണ്ടാകുന്നത്. അങ്ങനെയുള്ള ഒരു സന്ദർഭത്തിൽ പ്രൈമറി ക്രെഡിറ്റ് സൊസൈറ്റികളിൽ മാത്രം ഇത് ഒതുക്കിനിർത്താതെ അപ്പെക്സ് സൊസൈറ്റികളിലും അതുപോലെതന്നെ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലും സെൻട്രൽ സൊസൈറ്റികളിലുമൊക്കെ ഈ തത്വം പാലിക്കുന്നതിനുള്ള വ്യവസ്ഥയുണ്ടാകണം. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നത്.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ, ശ്രീ. കാനം രാജേന്ദ്രൻ ഉന്നയിച്ച ക്ലോസ് 3 അനുസരിച്ചുള്ള അപ്പെക്സ്, സെൻട്രൽ, സർവ്വീസ്, പ്രൈമറി, ഇൻഡസ്ട്രീസ് എന്നീ സൊസൈറ്റികളിലെല്ലാം പ്രാതിനിധ്യം വേണം എന്നുള്ളത് ഒരു പ്രകാരത്തിൽ ശരിയാണെങ്കിലും ആദ്യത്തെ ഒരു കാൽവയ്പെന്നുള്ള നിലയിൽ പരീക്ഷണാർത്ഥം ഇത് കൊണ്ടുവരുന്നതാണ്. അതുകൊണ്ട് ഇത് നമുക്കു മാവിയിൽ കൊണ്ടുവരാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, ഞാൻ താഴെ പറയുന്ന ഭേഗതികൂടി അവതരിപ്പിക്കുന്നു.

(1) 3-ാം വകുപ്പിൽ 28 എ (1) എന്നു് പുതുതായി ചേർക്കുന്ന ഉപവകുപ്പിൽ "പ്രസ്തുത ആവശ്യത്തിനുവേണ്ടി സംഘത്തിൽ" എന്നതിനുശേഷം "അപ്രകാരം ചെയ്യേണ്ടതു് ആവശ്യമാണെന്നു് തോന്നുന്നപക്ഷം" എന്ന ഭാഗം നീക്കം ചെയ്യേണ്ടതാണു്.

(2) 3-ാം വകുപ്പു മുഖേന മാതൃനിയമത്തിൽ ചേർക്കുവാനുദ്ദേശിക്കുന്ന 28എ വകുപ്പിൽ 2-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൂടി ചേർക്കുക.

(3) മുൻവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സംസ്ഥാനത്തെ ഓരോ ജില്ലാസംഘത്തിലേയും കമ്മിറ്റികളിൽ ഒരു സീറ്റു് ഒരു വനിതാ അംഗത്തിനും ഒരു സീറ്റു് പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ട ഒരു അംഗത്തിനും സംവരണം ചെയ്യേണ്ടതും പ്രാഥമിക സംഘങ്ങളിൽ സംവരണ സീറ്റിൽനിന്നു് തെരഞ്ഞെടുക്കപ്പെട്ട വനിതാ അംഗങ്ങളിൽനിന്നും പട്ടികജാതി-പട്ടികവർഗ്ഗ അംഗങ്ങളിൽനിന്നും ഓരോരുത്തരെ അവർ തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത ആവശ്യത്തിനുവേണ്ടി കമ്മിറ്റിയിലെ ആകെ സംഖ്യ രണ്ടുകൂടി വർദ്ധിപ്പിക്കാവുന്നതുമാണു്.

(4) മുൻവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഓരോ കേന്ദ്ര (അപ്പെക്സ്) സംഘത്തിന്റെ കമ്മിറ്റിയിലും ഒരു സീറ്റു് ഒരു വനിതാ അംഗത്തിയും ഒരു സീറ്റു് പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെടുന്ന ഒരു അംഗത്തിനുംവേണ്ടി സംവരണം ചെയ്യേണ്ടതും ജില്ലാ സംഘങ്ങളിലോ പ്രാഥമിക സംഘങ്ങളിലോ സംവരണ സീറ്റിൽനിന്നു് തെരഞ്ഞെടുക്കപ്പെട്ട വനിതാ അംഗങ്ങളിൽനിന്നും പട്ടികജാതി-പട്ടികവർഗ്ഗ അംഗങ്ങളിൽനിന്നും ഓരോരുത്തരെ അവർ തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത ആവശ്യത്തിനുവേണ്ടി കമ്മിറ്റിയിലെ ആകെ സംഖ്യ രണ്ടുകൂടി വർദ്ധിപ്പിക്കാവുന്നതുമാണു്.

സർ, മൂന്നാംവകുപ്പിൽ ഒന്നാം ഉപവകുപ്പിനകത്തു "അപ്രകാരം ചെയ്യേണ്ടതു് ആവശ്യമാണെന്നു് തോന്നുന്നപക്ഷം" എന്ന ഭാഗം നീക്കം ചെയ്യണമെന്നാണു് എന്റെ ആദ്യത്തെ ഭേഗതി. അതൊരു യുക്തിഹീനമായ കണ്ടീഷനാണു്. കാരണം അതു് ആട്ടോമാറ്റിക്കായിട്ടു് രണ്ടെണ്ണം വർദ്ധിപ്പിക്കുകയല്ലാതെ വേറെ മാർഗ്ഗം ഇല്ല. അതു് സ്വീകരിക്കുന്നതിനു് ഗവൺമെന്റിനു് വിരോധമുണ്ടാകുമെന്നു് ഞാൻ വിചാരിക്കുന്നില്ല.

രണ്ടാമത്തെ ഭേഗതി, രണ്ടു തലങ്ങളിലും ഇവർക്കു് പ്രാതിനിധ്യം കൊടുക്കണമെന്നു് മാത്രമല്ല. അതിൽനിന്നും ലേശംകൂടി വ്യത്യസ്തമായി ഒരു വകുപ്പു ഞാൻ അതിനകത്തു കൊള്ളിച്ചിട്ടുണ്ടു്. അതിൽ പറഞ്ഞിരിക്കുന്നതു് "മുൻവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സംസ്ഥാനത്തെ ഓരോ ജില്ലാ സംഘത്തിലേയും കമ്മിറ്റികളിൽ ഒരു സീറ്റു് ഒരു വനിതാ അംഗത്തിനും ഒരു സീറ്റു് പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ട ഒരു അംഗത്തിനും സംവരണം ചെയ്യേണ്ടതു് പ്രാഥമിക സംഘങ്ങളിൽ സംവരണസീറ്റിൽനിന്നു് തെരഞ്ഞെടുക്കപ്പെട്ട വനിതാ അംഗങ്ങളിൽനിന്നും പട്ടികജാതി-പട്ടികവർഗ്ഗ അംഗങ്ങളിൽനിന്നും ഓരോരുത്തരെ അവർ തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത ആവശ്യത്തിനുവേണ്ടി കമ്മിറ്റിയിലെ ആകെ സംഖ്യ രണ്ടുകൂടി വർദ്ധിപ്പിക്കാ

LIBRARY ARCHIVES Kerala Legislative Assembly

വുന്നതുമാണ്'' എന്നാണ്. പ്രൈമറി സംഘങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടുവന്ന ഡിലിഗേറ്റ് മെമ്പർമാരിൽനിന്നും ഓരോ ആളെ അവർ വോട്ടു ചെയ്തു ജയിപ്പിക്കണമെന്നാണ്. അതുപോലെ അവിടെയുള്ള വനിതാമെമ്പർമാർ, ഈ പ്രൈമറി സംഘങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടുവന്ന ആ അംഗങ്ങൾ തന്നെ വോട്ട് ചെയ്തു അവരിൽ ഓരാളെ ജില്ലാ സംഘത്തിലേക്ക് എടുക്കണമെന്നാണ്.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എ. കമലം) : സർ, ഓരോ സംഘങ്ങളിൽനിന്നും ഒരു വനിതാ അംഗമോ ഹരിജനോ ഗിരിജനോ തെരഞ്ഞെടുക്കപ്പെട്ടു വരണം. തെരഞ്ഞെടുക്കപ്പെട്ടുവരട്ടെ അതിനുശേഷമല്ലേ. മറെറാന്ന് അവരുടെ ഓരോ സംഘത്തിനും അവരുടെ അംഗസംഖ്യ ഒരു മാനേജ്മെൻറിൽ 5 ആണ് ആളുകളെങ്കിൽ 2 വർദ്ധിപ്പിക്കാം. 7 പേരാണെങ്കിൽ 9 ആക്കാം. 9 പേരാണെങ്കിൽ 11 ആക്കാം. അതിന് രജിസ്ട്രാർക്ക് സ്വാതന്ത്ര്യവും സൗകര്യവുമുണ്ട്. അതിനു യഥേഷ്ടം അവർക്ക് സ്വാതന്ത്ര്യവും സൗകര്യവും ഉണ്ടായിരിക്കും.

ശ്രീ. പീതാംബരൻ മാസ്റ്റർ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ടു നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

മൂന്നാം വകുപ്പു ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

നാലാം വകുപ്പു ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

നാലാം വകുപ്പു ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

ശ്രീ. കാനം രാജേന്ദ്രൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്. In the proviso to sub-section (1) of section 70 of the Principal Act proposed to be added by clause 5 the following words shall be added at the end namely :—

"But not below the rank of a Deputy Registrar of Co-operative Societies".

മൂലനിയമത്തിലെ 70-ാം വകുപ്പനുസരിച്ച് റഫറൻസ് കീട്ടിക്കഴിഞ്ഞാൽ ഒന്നുകിൽ അത് രജിസ്ട്രാർ തീരുമാനിക്കും. അല്ലെങ്കിൽ ഗവൺമെൻറ് അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനു അതു തീരുമാനിക്കാവുന്നതാണ്. എന്നാൽ ഈ നിയമത്തിൽ ഇപ്പോഴെഴുതിച്ചേർത്തിരിക്കുന്ന പ്രൊവിസോ അനുസരിച്ച് അങ്ങനെ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ രജിസ്ട്രാർക്ക് തുല്യമോ അഥവാ മുകളിലുള്ള ഉദ്യോഗസ്ഥനോ ആകാൻ പാടില്ല എന്നാണ്. ഇതിന്റെ അർത്ഥം രജിസ്ട്രാറിൽ കുറഞ്ഞ ഒരു ഉദ്യോഗസ്ഥനാകണം എന്നാണ്. എന്നാൽ അത് ഏതു ലെവൽവരെ പോകാം എന്നുള്ളതു സംബന്ധിച്ച് ഈ നിയമത്തിൽ വ്യക്തമായി ഒന്നും പറഞ്ഞിട്ടില്ല. ഡെപ്യൂട്ടി രജിസ്ട്രാറിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനായിരിക്കണം ഈ അധികാരം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കേണ്ടതു് എന്നാണു് എന്റെ അഭിപ്രായം. ഇതു് വളരെ ഉത്തരവാദപ്പെട്ട ജോലിയാണു്. അതുകൊണ്ടു് ഈ റഫറൻസിൽ ആർക്കാണു് ഇതു് കൊടുക്കേണ്ടതു് എന്നുള്ളതു സംബന്ധിച്ചു് Not below the rank of a Deputy Registrar എന്നുള്ള ഭേദഗതി ഇതോടൊപ്പം ചേർത്തിട്ടില്ലെങ്കിൽ അതു് ശരിയാവുകയില്ല. അതുകൊണ്ടാണു് ഈ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നതു്.

Shri Varkala Radhakrishnan : I move that for the proviso proposed to be added to sub-section (1) of section 70 by clause 5 substitute the following namely :—

"Provided that a transfer under clause (b) or a reference under clause (c) shall be made to a person below him in rank".

ഇപ്പോഴും വന്നിരിക്കുന്ന ഭേദഗതി നിയമത്തിൽ ഹൈക്കോടതിയുടെ ഒരു വിധിയുടെ ചുവടുപിടിച്ചാണു് ഇങ്ങനെ എഴുതിവച്ചിരിക്കുന്നതു്. എന്നാൽ സാമാന്യബുദ്ധിക്കു നിരക്കാത്ത ഒരു പ്രയോഗമാണിതു്. എന്തു കൊണ്ടെന്നാൽ തുല്യതയിലുള്ള ഒരു ഉദ്യോഗസ്ഥനോ മുകളിലുള്ള ഒരു ഉദ്യോഗസ്ഥനോ കൊടുക്കാൻ പാടില്ല. അതിന്റെയർത്ഥം അതിൽ താഴെയുള്ളവനല്ലേ കൊടുക്കാവൂ. എന്തിനാണിങ്ങനെ വളച്ചുകെട്ടി പറയുന്നതു് ? You tell straight away നേരെയങ്ങു് പറഞ്ഞാൽ മതി. തുല്യ റാങ്കിൽ കൊടുത്തുകൂടാ. ഉപരി റാങ്കിലും കൊടുത്തുകൂടാ. താഴെയുള്ള ഉദ്യോഗസ്ഥനായിരിക്കണം ഇതു് റഫർ ചെയ്യേണ്ടതു എന്നു വ്യക്തമാക്കാൻവേണ്ടി മാത്രം ഇതിനകത്തു് എഴുതിച്ചേർത്തതാണിതു്.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) : സർ, അതു് ഇതിൽ വ്യക്തമാക്കിയിട്ടുണ്ടു്. ഈ ഭേദഗതിയുടെ ആവശ്യമില്ല. താഴെയുള്ള ഉദ്യോഗസ്ഥനേ കൊടുക്കാൻ പാടുള്ളൂ. ഒരു കീഴു് ഉദ്യോഗസ്ഥൻ ഒരു മേൽ ഉദ്യോഗസ്ഥനോടു് തീർപ്പുകൽപ്പിക്കാൻ ഒരു കേസു് റഫർ ചെയ്യുകയോ അദ്ദേഹം ഒരു ഉത്തരവു പുറപ്പെടുവിക്കുകയോ ചെയ്താൽ മേൽ ഉദ്യോഗസ്ഥൻ കീഴു് ഉദ്യോഗസ്ഥന്റെ കൽപ്പന അനുസരിക്കാൻ നിർബന്ധിതനായിത്തീരും. കോടതി ചൂണ്ടിക്കാണിച്ചതുകൊണ്ടാണു് ഇങ്ങനെ ഒരു ഭേദഗതി കൊണ്ടു വരേണ്ടി വന്നതു്.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ടു് നിരാകരിച്ചു.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ടു് നിരാകരിച്ചു.

5-ാം വകുപ്പുബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ടു് അംഗീകരിച്ചു.

5-ാം വകുപ്പു ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പു്

ശ്രീ. കാനം രാജേന്ദ്രൻ : സർ, താഴെ പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(1) In sub-section (4) proposed to be added to section 80 of the principal Act, by clause 6 delete the words "where the method of appointment to such post is by direct recruitment".

LIBRARY ARCHIVES Kerala Legislative Assembly

(2) In sub-section (4) proposed to be added to section 80 of the parent Act, by clause 6 for the words "shall be reserved for appointment" substitute the words

"shall be filled or reserve to be filled"

ഇതിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് പത്തുശതമാനം സംവരണം നിശ്ചയിച്ചിട്ടുള്ളതാണ് സബ്ജക്ട് കമ്മിറ്റിയുടെ തീരുമാനത്തിനുശേഷം ഡയറക്ട് റിക്രൂട്ട്മെന്റ് ആയിട്ടുള്ള പോസ്റ്റുകളിലേക്ക് മാത്രമാണ്. ഡയറക്ട് റിക്രൂട്ട്മെന്റിനുമാത്രമായിട്ട് ഈ തീരുമാനിക്കുന്നത് ശരിയായിരിക്കുകയില്ല എന്നാണ് നമ്മുടെ സഹകരണസ്ഥാപനങ്ങളിലെ അനുഭവങ്ങൾകൊണ്ടു തെളിയിക്കുന്നത്. appointment by transfer എന്നു പറഞ്ഞ് ഏതെങ്കിലും വിഭാഗത്തിലുള്ള ആളുകളെ മുകളിലേക്ക് മറ്റ് തസ്തികകളിലേക്ക് നിയമിക്കുവാനുള്ള സൗകര്യമുണ്ട്. അങ്ങനെ സൗകര്യം കൊടുത്തു നിയമിച്ചുവരുമ്പോൾ മൊത്തമുള്ള പത്തുശതമാനം സ്വാഭാവികമായും അറ്റൻഡർമാരും പ്യൂൺമാരും മാത്രമായിരിക്കും. സഹകരണ സ്ഥാപനങ്ങളിൽ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളിൽനിന്നും വരുന്നില്ല എന്നുള്ളതു ഇന്നു നടന്നുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ്. അതുകൊണ്ട് Appointment by transfer എന്നുള്ള തത്വം അംഗീകരിച്ചുനടപടികൾ സ്വീകരിച്ചാൽ ഇപ്പോഴുള്ള ഈ ഉദ്ദേശിക്കുന്ന സൗകര്യം കിട്ടുകയില്ല എന്നുള്ളതാണ്. യഥാർത്ഥത്തിൽ ഈ ബിൽ ഇവിടെ അവതരിപ്പിക്കുമ്പോൾ ആ ഉദ്ദേശമില്ലായിരുന്നു. സബ്ജക്ട് കമ്മിറ്റിയിൽ വന്നതിനുശേഷമാണ് ഈ ഭേദഗതി വന്നിട്ടുള്ളത്. ഇത് പട്ടികജാതി പട്ടികവർഗവിഭാഗത്തിന് പത്തു ശതമാനം സംവരണം കിട്ടുന്നതിന് സഹായകരമായിട്ടുള്ള ഒന്നല്ല. അതുകൊണ്ടാണ് ഈ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നത്.

എന്റെ രണ്ടാമത്തെ ഭേദഗതി ഒന്നാമത്തെ ഭേദഗതിക്കനുസരണമാണ്. Shall be reserved for appointment എന്നാണ്. അതിലെ വേക്കൻസി റിസർവ്വ് ചെയ്തു വച്ചിരുന്നാൽമതി. നിയമിക്കേണ്ടെന്നാണ്. അങ്ങനെ ഒരു കാര്യം കൊണ്ടുവരുന്നതു ശരിയല്ല. എന്നാൽ എല്ലാസർവ്വീസിലുമുള്ള സ്പെഷ്യൽ സർവ്വീസ്റൂൾസിനു സമാനമായ വ്യവസ്ഥയിലുള്ളതാണ് Shall be filled or reserved to be filled എന്നാണ്. എല്ലാ നിയമങ്ങളിലും അങ്ങനെയാണ്. ഇതിൽ പറയുന്നത്, Shall be reserved for appointment അങ്ങനെ പറയുന്നതനുസരിച്ച് നിയമനം നടത്തണമെന്നില്ല. അതേസമയം Shall be filled or reserve to be filled എന്നാക്കി ഭേദഗതി ചെയ്താൽ ആളുകൾക്ക് ജോലികിട്ടും. അതുകൊണ്ട് ജോലികിട്ടാനാണ് ഉദ്ദേശമെങ്കിൽ അറുപത്തിയൊന്നാമത് ഭേദഗതി അംഗീകരിക്കണം. എസ്.സി./എസ്.റ്റി. വിഭാഗത്തിന് പത്തുശതമാനം സംവരണം കിട്ടണമെന്നുള്ളതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നതെങ്കിൽ എന്റെ ഭേദഗതി കൂടി അംഗീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഞാനെന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

In sub-section (4) proposed to be added to section 80 of the Principal Act by clause 6 add the following at the end, namely: —

"or by promotion if candidates from Scheduled Castes and Scheduled Tribes are available.

ഒരുപടികൂടി കടന്നുള്ള പ്രയോഗമാണ് ഞാനിവിടെ നടത്തിയിരിക്കുന്നത്. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു പ്രൊമോഷൻ പോസ്റ്റിലേക്കും

LIBRARY ARCHIVES Kerala Legislative Assembly

ഇതുപോലെ റിസർവ്വേഷൻ വേണമെന്നാണ്. നമ്മുടെ രാജ്യത്ത് ഉയർന്ന തസ്തികയിൽ ഇരിക്കുന്നവർ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് കോൺഫിഡൻഷ്യൽ റിപ്പോർട്ട് എഴുതുമ്പോഴും മോശമാണെന്ന് എഴുതുന്നു. അതേസമയം സ്വന്തം ജാതിക്കാരനോ, ഉയർന്ന ജാതിക്കാരനോ ആണെങ്കിൽ കോൺഫിഡൻഷ്യൽ റെക്കോർഡിൽ 'കൊള്ളാം' എന്ന് എഴുതും. കോൺഫിഡൻഷ്യൽ റെക്കോർഡാണല്ലോ ഇവിടെ പ്രൊമോഷൻ നിശ്ചയിക്കുന്നത്. കോൺഫിഡൻഷ്യൽ റെക്കോർഡിൽ പട്ടികജാതിക്കാരനെക്കുറിച്ച് എന്തെഴുതിയിരുന്നാലും ശരി, പ്രൊമോഷൻ പോസ്റ്റിലേക്ക് റിസർവ്വേഷൻ വേണമെന്നാണ് ഞാൻ പറയുന്നത്. അതു പറയാൻ കാരണം, അടിയന്തിരമായ പല പോസ്റ്റുകളിലേക്കും ഡയറക്ട് റിക്രൂട്ട്മെന്റ് നടത്തുന്നുണ്ട്. ഡി. വൈ. എസ്. പി., ഡപ്യൂട്ടി കളക്ടർ, ജില്ലാക്കോടതി ജഡ്ജി, ഹൈക്കോടതി ജഡ്ജി എന്നീ പോസ്റ്റുകളിലുള്ള പട്ടികജാതിക്കാരുടെ പ്രൊമോഷൻ പോസ്റ്റുകളിൽ തന്നെ നിയമനം നടത്തുന്ന സാഹചര്യത്തിൽ കോൺഫിഡൻഷ്യൽ റെക്കാർഡെഴുതി പട്ടികജാതിക്കാരെ തരം താഴ്ത്തുന്നതാണ് ഇന്നത്തെ രീതി. അത് ഒഴിവാക്കാൻ വേണ്ടി പ്രൊമോഷൻ പോസ്റ്റിൽ യോഗ്യതയുള്ള പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരുമുണ്ടെങ്കിൽ അവർക്ക് പത്തിലൊന്നുവീതം റിസർവ്വേഷൻ കൊടുക്കണമെന്നുള്ള അതിശക്തിയായ അഭിപ്രായമാണ് ഞാൻ പറയുന്നത്. അത് നടപ്പിൽ വരുത്തണം.

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

"In sub-section (4) proposed to be inserted in the Principal Act by clause 6 add the following at the end namely :—

"and a further 10 % shall be reserved for appointment from women"

ഈ ഭേദഗതി സ്വീകരിക്കണം.

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

In sub section (4) of section 30 proposed to be added in the Principal Act by clause 6 add the following at the end, namely :—

"and forty per cent of the posts of employees of every society shall be reserved for appointment from persons belonging to backward classes".

ഷെഡ്യൂൾഡ് കാസ്റ്റ്, ഷെഡ്യൂൾഡ് ട്രൈബ് വിഭാഗത്തിന് പത്തു ശതമാനം സംവരണം നൽകുന്നതോടൊപ്പം സഹകരണസ്ഥാപനങ്ങളിൽ സാമുദായിക സംവരണാടിസ്ഥാനത്തിൽ നിയമനങ്ങൾ നടക്കുന്നില്ല. അതുകൊണ്ട് അതിന് ഒരു പ്രത്യേക പ്രൊവിഷൻ ഈ ബില്ലിൽ ഉണ്ടാകണമെന്ന ആഗ്രഹത്തോടുകൂടിയാണ് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നത്.

സഹകരണവകുപ്പുമന്ത്രി (ശ്രീമതി എം. കമലം) : സർ, ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ സൂചിപ്പിച്ചതുപോലെ, ഓഫീസർ, സെക്രട്ടറി, ക്ലാർക്ക്, ടൈപ്പിസ്റ്റ് എന്നീ ഏത് കാറ്റഗറിയായാലും ശരി പത്തുശതമാനം സംവരണം പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് കൊടുക്കുകയെന്നുള്ളതാണ്. അല്ലാതെ പ്യൂൺസിന്റെ പോസ്റ്റിനുമാത്രമല്ല സംവരണം ഏർപ്പെടുത്തിയിട്ടുള്ളത്. ഇത് തത്വത്തിൽ അംഗീകരിക്കുകയെന്നുള്ളതാണ്. അതും ഈ നിയമത്തിൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇതിന്റെയാവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കാനം രാജേന്ദ്രൻ ചൂണ്ടിക്കാണിച്ചതുപോലെ, Shall be filled or reserved എന്നു പറഞ്ഞു. അതായത്, ഒരു വനിത വരുന്നതുവരെ ആ സീറ്റിൽ നിയമനം നടത്തുന്നില്ല. ഒരു വനിതയെയോ, ഹരിജനയോ മാത്രമേ ഈ റിസർവ്വ് ചെയ്ത സീറ്റിൽ എടുക്കുവാൻ സാധിക്കുകയുള്ളു. മറ്റാർക്കും ഈ പോസ്റ്റ് കൊടുക്കുവാൻ സാധിക്കുകയുമില്ല. രണ്ട് സീറ്റ് മാനേജ്മെന്റിൽ വർദ്ധിപ്പിച്ചാൽ അവർക്കുമാത്രമേ ഇത് കൊടുക്കുവാൻ സാധിക്കുകയുള്ളു.

ശ്രീ. വി. ജെ. തങ്കപ്പൻ പറഞ്ഞു, പിന്നോക്കസമുദായങ്ങളെക്കൂടി ഇതിൽ ഉൾപ്പെടുത്തണമെന്ന്. ദുർബ്ബലവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് Constitutional recognition ഉണ്ട്. ഭരണഘടനാപരമായ സംരക്ഷണം കൊടുത്ത്, പ്രധാനമന്ത്രി വച്ചുകൊണ്ടാണ് ഇതിലേക്ക് കാൽ വച്ചത്. ബാക്കികാര്യങ്ങൾ പിന്നീട് ആലോചിക്കാവുന്നതാണ്.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതികൾ ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. ചന്ദ്രശേഖരൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. ജെ. തങ്കപ്പൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ആറാം വകുപ്പു ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

ഏഴാം വകുപ്പ്

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഏഴാം വകുപ്പു ബില്ലിന്റെ ഭാഗമായിത്തീർന്നു.

8 മുതൽ 10 വരെയുള്ള വകുപ്പുകൾ

എട്ടുമുതൽ പത്തുവരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

എട്ടുമുതൽ പത്തുവരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായിത്തീർന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

LIBRARY ARCHIVES Kerala Legislative Assembly

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) : സർ, 1986-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി ജെ. ജോസഫ്) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, സഹകരണസംഘങ്ങളെ നന്നാക്കാൻ വേണ്ടിയാണ് ഈ ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. അവിടത്തെ ജോലിക്കാരുടെ കാര്യത്തിൽ, പ്രൈമറി സൊസൈറ്റികളുടെ കമ്മിറ്റികളുടെ കാര്യത്തിൽ ഒക്കെ ചില വ്യത്യാസം കൊണ്ടുവന്നിട്ട് കൂറെക്കൂടി നല്ലനിലയിൽ ഇതിന്റെ ഭരണം കൊണ്ടുപോകാനുള്ള ഉദ്ദേശത്തോടുകൂടിയായിരിക്കണം ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. പക്ഷേ സഹകരണസംഘങ്ങളുടെ കാര്യത്തിൽ രണ്ടുകാര്യങ്ങളെ ചെയ്തിട്ടില്ലെങ്കിൽ ഇത് നേരെയാകാൻ പോകുന്നില്ല. ഏതു ഗവൺമെൻറാണോ ഭരിക്കുന്നത്, ആ ഗവൺമെൻറിന്റെ അടിമകളായിട്ടാണ് ഈ സംസ്ഥാനത്തെ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നത്. പ്രത്യേകിച്ച് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ്സ്. ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ്സിലെ വളരെയധികം സഹകരണസംഘങ്ങളെ എനിക്ക് നേരിട്ടറിയാം. ഡയറക്ടർബോർഡേ ഇല്ലാതുള്ളൂ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസറാണ്. എല്ലാം ചെയ്യുന്നത്. കാരണം, മൂന്നാളുകളെ തെരഞ്ഞെടുക്കുക, നാലാളുകളെ നോമിനേറ്റു ചെയ്യുകനോമിനേറ്റു ചെയ്ത നാലാളുകളിൽനിന്ന് പ്രസിഡണ്ടിനെതെരഞ്ഞെടുക്കുക, ക്രമേണ സ്തംഭനാവസ്ഥയുണ്ടാക്കുക, അങ്ങനെ ആ സൊസൈറ്റീസ് നടക്കാതിരിക്കുക. ഇതാണ് ഇപ്പോൾ പലഇൻഡസ്ട്രിയൽ കോ.ഓപ്പറേറ്റീവ്സിലും നടക്കുന്നത്. മറ്റു കോ-ഓപ്പറേറ്റീവ് സൊസൈറ്റീസിനെ സംബന്ധിച്ചിടത്തോളവും നോമിനേഷനുണ്ട് നോമിനേഷന്റെ കാര്യത്തിൽ ഞാൻ ഈ ഗവൺമെൻറിനെ കുറ്റംപറയുന്നില്ല. കാരണം, 1977-നുശേഷം ആണ് ഭരണപക്ഷത്തിരുന്നാലും ആ നോമിനേഷൻ നിലനിറുത്തുകയാണ് ചെയ്തിട്ടുള്ളത്. എന്നെസംബന്ധിച്ചിടത്തോളം 1977-നുശേഷം തുടർച്ചയായി എനിക്ക് ഇവിടെ ഇരിക്കാൻ സാധിച്ചിട്ടുണ്ട്. അതുകൊണ്ട് തുടർച്ചയായി ഈ നോമിനേഷനെ എതിർക്കുവാനും സാധിച്ചിട്ടുണ്ട്. ഈ സമയത്തെല്ലാം എന്റെ കൂടെ ആരെല്ലാമുണ്ടായിരുന്നുവോ അവരും ഈ നോമിനേഷനെ എതിർത്തതായിട്ട് എനിക്ക് കാണാൻ സാധിച്ചിട്ടുണ്ട്. ഇതു വളരെ രസകരമായ ഒരു സംഭവവികാസമാണ്. ഞാൻ ഇതിനെക്കുറിച്ച് ആലോചിക്കുകയാണ്. ഞാനും എന്റെ ഒപ്പം ഇവിടെ ഇരുന്നിരുന്നവരുമെല്ലാം നോമിനേഷനെ എതിർത്തപ്പോൾ അവിടെയിരുന്നവരൊക്കെ നോമിനേഷനാവശ്യമാണെന്ന് പറഞ്ഞിട്ടുണ്ട്.

ഏതായാലും ആ നോമിനേഷൻസ് ഇന്നത്തെ നിലയിൽനിന്നും വ്യത്യാസപ്പെടുത്തി കോ-ഓപ്പറേറ്റീവ് സൊസൈറ്റീസിനെ 'ആട്ടോണമസ് ബോഡി'യെന്നുള്ള നിലയിൽ, സ്വതന്ത്രമായിട്ടുള്ള സ്ഥാപനങ്ങൾ എന്നുള്ളനിലയിൽ മാത്രമേ നടത്താൻപാടുള്ളൂ. ഇതിൽനിന്ന് വ്യാപകമായിട്ട് പറയേണ്ടത്, സൊസൈറ്റികളുടെ ഡയറക്ടർബോർഡിനെ സൂപ്പർസീഡ് ചെയ്യാനുള്ള പ്രൊവിഷനെക്കുറിച്ചാണ്, അതിനെ വ്യാപകമായ രീതിയിൽ ദുരുപയോഗപ്പെടുത്തുകയാണ്. അതിനും ഈ ഗവൺമെൻറിനെമാത്രമായി കുറ്റപ്പെടുത്തുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ആരാണവിടത്തെ എസ്റ്റാബ്ലിഷ്മെൻറ് എന്നുവച്ചാൽ ആ എസ്റ്റാബ്ലിഷ്മെൻറ് സൂപ്പർസീഡ് ചെയ്യാനുള്ള പ്രവണത എല്ലായ്പ്പോഴും കാണിച്ചിട്ടുണ്ട്. ഗവൺമെൻറിന്റെ നിർദ്ദേശപ്രകാരം രജിസ്ട്രാറോ ഡെപ്യൂട്ടി രജിസ്ട്രാറോ ജോയിൻറ് രജിസ്ട്രാറോ ആക്ട്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്ന കാര്യങ്ങളാണ് എല്ലായ്പ്പോഴും കാണാൻ സാധിച്ചിട്ടുള്ളത് അതുകൊണ്ട് അതും ഭേഗതിവരുത്തേണ്ടതാണ്. ഇതുരണ്ടും ഭേഗതി വരുത്തിയില്ലെങ്കിൽ ഒന്നും നല്ലതാകാൻ പോകുന്നില്ല.

ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ കൊണ്ടുവന്നിട്ടുള്ള ഭേഗതിയിൽ പറയുന്നതു്, ഷെഡ്യൂൾഡ് കാസ്റ്റ്-ഷെഡ്യൂൾഡ് ട്രൈബ്സിനു് പ്രൊമോഷൻ പോസ്റ്റിലേക്ക് ഡയറക്ട് റിക്രൂട്ട്മെന്റ് വേണമെന്നാണ്. അദ്ദേഹം അതിനൊപേരിൻ ഒരുസ്റ്റെപ്പുകൂടി കടക്കുകയാണ് എന്നു പറഞ്ഞു. ഞാൻ വീണ്ടും ഒരു സ്റ്റെപ്പുകൂടി പോകാൻ ആഗ്രഹിക്കുകയാണ്. ഷെഡ്യൂൾഡ്കാസ്റ്റ്-ഷെഡ്യൂൾഡ്ട്രൈബ്സിന് first post ലേക്ക് ഡയറക്ട് റിക്രൂട്ട്മെന്റ് കൊടുത്താൽ പ്രൊമോഷൻ പോസ്റ്റിലും റിസർവേഷൻ വേണമെന്നാണ്. റെയിൽവേയിലും പല സെൻട്രൽ ഗവൺമെന്റിന്റെ മറ്റു പല സ്ഥാപനങ്ങളിലും ഇത്തരം റിസർവേഷനില്ലേ അതുപോലെ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലും അവർക്ക് റിസർവേഷനിരിക്കട്ടെ.

ഒരു കാര്യത്തിൽ ഞാൻ അനുഭേതപ്പെടുകയാണ്. ബഹുമാനപ്പെട്ട നാലകത്തുസൂപ്പിയും ബഹുമാനപ്പെട്ട സീതിഹാജിയും കൊണ്ടുവന്ന ഭേഗതികളും അവർ ഇവിടെ അവതരിപ്പിച്ചില്ലെന്നുള്ളതാണ്. അത് കമ്മ്യൂണൽ റിസർവേഷനുവേണ്ടിയുള്ളവയായിരുന്നു. പിന്നോക്ക സമുദായങ്ങൾക്കുള്ള കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരമുള്ള സംവരണവും പബ്ലിക് സർവ്വീസ് കമ്മീഷൻ കൊടുക്കുന്ന സംവരണവും എന്തുകൊണ്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽക്കൂടി ആയിക്കൂടാ? മൂന്നോ നാലോ സ്റ്റാഫുകളുള്ള കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽ വേണ്ട. മുപ്പതോ, നാൽപ്പതോ, നൂറോ ഇരുന്നൂറോ സ്റ്റാഫുകളുള്ള ബാങ്കുകളിലൊക്കെ എന്തുകൊണ്ട് കമ്മ്യൂണൽ റിസർവേഷൻ പാടില്ല? ആർബൻ, റൂറൽ, ഡിസ്ട്രിക്ട് എന്നീ കോ-ഓപ്പറേറ്റീവ് ബാങ്കുകളും ഈ സംസ്ഥാനത്തുണ്ട്. ന്യായമായും ഈ ബാങ്കുകളിൽ സാമുദായിക റിസർവേഷൻ വേണമെന്ന് ഞാൻ വാദിക്കുന്നു. അതുംകൂടി കൺസിഡർ ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഈ ഭേഗതിയെ സംബന്ധിച്ച് ഗവൺമെന്റ് അടിയന്തിരമായി ശ്രദ്ധിക്കേണ്ട ഒന്നു രണ്ടു കാര്യങ്ങളെക്കുറിച്ച് ഈ അവസരത്തിൽ പറയുകയാണ്. ഈ ഗവൺമെന്റ് വളരെക്കാലമായി പറയുന്നുണ്ട്, ബൃഹത്തായ ഒരു സഹകരണ നിയമം കൊണ്ടുവരുന്നുവെന്ന്. ഏതായാലും അതിനുള്ള ശ്രേഗ്യം നിങ്ങൾക്ക് ഉണ്ടാകില്ലെന്നുള്ളത് തീർച്ചയാണ്. ആ നിയമം വരാൻപോകുന്നില്ല. കമലേടത്തിയുടെ ആയുഷ്കാലത്തെങ്കിലും സാധിക്കുമോയെന്നുള്ളത് ഞാൻ പറയുന്നില്ല. ഏതായാലും അങ്ങനെയൊരു നിയമം വരാൻപോകുന്നില്ലെന്നുള്ളതാണ് വസ്തുത. കോഴിയുടെ മുലയൂട്ടുപോലെ എന്നും പറയും, ഞങ്ങൾ നിയമം കൊണ്ടു വരുന്നുവെന്ന്. 'മല എലിയെ പ്രസവിച്ചതുപോലെയാണ്''.

നിങ്ങൾ ഒരു നിയമവും കൊണ്ടുവരാൻ പോകുന്നില്ല. അതേ സമയം സഹകരണ പ്രസ്ഥാനത്തെ ക്യാൻസർ രോഗം പോലെ കാർന്നുതിന്നുന്ന ഒരു ഏർപ്പാടാണ് നോമിനേഷൻ. ഇതിനെക്കുറിച്ച് നിങ്ങൾ ഇവിടെ ഇരുന്നപ്പോൾ ചന്ദ്രഹാസം ഇളക്കിയതാണ്. രാമകൃഷ്ണന്റെ നോമിനേഷൻ എന്നു പാഞ്ഞ് ഈ സഭയിൽ ഇല്ലാത്ത ബഹളമുണ്ടാക്കിയ മാന്യൻമാർ മറുവശത്തു ചെന്നപ്പോൾ നിശബ്ദരാണ്. നോമിനേഷന്റെ കാര്യത്തിൽ നിങ്ങൾക്കെന്താണ് ഈ നിശബ്ദത? രാഷ്ട്രീയമായ സൗകര്യത്തിനുവേണ്ടി ഭരണകക്ഷിയുടെ സ്വാധീനം വർദ്ധിപ്പിക്കുവാൻവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

അനുസ്യൂതം സഹകരണ സംഘങ്ങളിലേക്ക് ഇപ്പോഴും നോമിനേഷൻ തുടരുകയാണ്. ഇതിന്റെ ജനാധിപത്യ സ്വഭാവത്തെത്തന്നെ ഈ നോമിനേഷൻ സമ്പ്രദായം ഇല്ലാതാക്കിത്തീർത്തിരിക്കുകയാണ്. നിങ്ങളെ സംബന്ധിച്ചിടത്തോളം ഇതിൽ അത്ഭുതപ്പെട്ടിട്ട് കാര്യമില്ല. എല്ലാ ജനാധിപത്യ സ്ഥാപനങ്ങളെയും പിരിച്ചുവിട്ടിരിക്കുന്ന ആളുകളാണ് നിങ്ങൾ. നിങ്ങൾ നോമിനേഷൻ പൂർണ്ണമായും അവസാനിപ്പിക്കണം. ഈ രാജ്യത്തെ സഹകരണസംഘങ്ങൾ ജനാധിപത്യപരമായി പ്രവർത്തിക്കണം. തെരഞ്ഞെടുക്കപ്പെട്ടവർ മാത്രം മതി ഇതിൽ. അങ്ങനെ തെരഞ്ഞെടുക്കപ്പെട്ട സംഘങ്ങളാണ് ഈ രാജ്യത്ത് അവശ്യം. ഇത് ഞാൻ പറയാനുള്ള കാരണം, കഴിഞ്ഞ തവണ ഇവിടെ ജില്ലാ സഹകരണ ബാങ്കുകളിലെ രണ്ട് ഒഴിവുകളെക്കുറിച്ച് ചർച്ച വന്നതാണ്. അതിനെക്കുറിച്ച് കോടതി പറഞ്ഞു, തെരഞ്ഞെടുപ്പ് നടത്താൻ. അതിനുള്ള ഏർപ്പാട് നടത്തിയെങ്കിലും തെരഞ്ഞെടുപ്പ് നടത്തിയില്ല. അതുപോലെതന്നെ പാട്യം സഹകരണ സംഘത്തിലേക്ക് തെരഞ്ഞെടുപ്പ് നടത്താൻ കോടതി പറഞ്ഞു. അവിടെയും തെരഞ്ഞെടുപ്പ് നടത്തിയില്ല. അഡ്മിസ്ട്രേറ്റീവ് കമ്മിറ്റി എടുക്കരുതെന്നു പറഞ്ഞു. നിങ്ങൾ അത് എടുത്തു. അങ്ങനെ കാലാകാലങ്ങളിൽ സഹകരണ സംഘങ്ങൾക്ക് കോടതി നൽകുന്ന നിർദ്ദേശങ്ങൾ അപ്പടി നിഷേധിക്കുന്നു. അത് നടപ്പിലാക്കുന്നില്ല. അതാണ് ഈ രാജ്യത്തെ അനുഭവം. ഒപ്രമറി സംഘങ്ങളായാലും ജില്ലാ സംഘങ്ങളായാലും കോടതിയുടെ നിർദ്ദേശങ്ങളെപ്പോലും അവഗണിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ഈ ഗവൺമെന്റിനോട് എനിക്കു പറയുവാനുള്ളത്, ഈ നോമിനേഷൻ അവസാനിപ്പിക്കണമെന്നാണ്. ഭരണകക്ഷിയുടെ ഈ കൈകടത്തൽ അവസാനിപ്പിക്കണം. സഹകരണ സംഘങ്ങളെ ജനാധിപത്യപരമായി പ്രവർത്തിക്കാൻ ഈ നിങ്ങൾ അനുവദിക്കുമെങ്കിൽ അതായിരിക്കും ഈ രാജ്യത്തോട് ചെയ്യുന്ന ഏറ്റവും വലിയ സേവനം. ഇനിയെങ്കിലും നിങ്ങൾ നോമിനേഷൻ അവസാനിപ്പിക്കണമെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. നാലകത്ത് സൂപ്പി : സർ, എനിക്ക് എന്റെ ഭേദഗതി അവതരിപ്പിക്കാൻ കഴിഞ്ഞില്ല. നിയമനങ്ങളിൽ ഹരിജനങ്ങൾക്കും മറ്റു പിന്നോക്ക വിഭാഗങ്ങൾക്കും കൊടുക്കുന്ന സംവരണം എല്ലാസഹകരണ സ്ഥാപനങ്ങളിലും അനുവദിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. പബ്ലിക് സർവ്വീസ് കമ്മിഷനിൽ അനുവദിക്കുന്നതുപോലുള്ള സാമുദായിക സംവരണം സഹകരണ മേഖലയിലുള്ള സ്ഥാപനങ്ങളിലെ ഉദ്യോഗനിയനങ്ങളിൽ ഉണ്ടാകണം. നേരത്തെ എന്റെ പാർട്ടിയിൽപ്പെട്ട ശ്രീ. സി. ടി. അഹമ്മദ് അലി ഈ കാര്യം ഉന്നയിച്ചിരുന്നു. ഞങ്ങൾ വളരെക്കാലമായി ആവശ്യപ്പെട്ടിരുന്ന കാര്യമാണ് ഇത്. ആ കാര്യത്തിൽ എല്ലാ പിന്നോക്ക വിഭാഗങ്ങളുടെയും പിൻതുണയുമുണ്ട്. എന്തായാലും സമഗ്രമായ ഒരു സഹകരണ നിയമം കൊണ്ടുവരാനിരിക്കുന്ന ഈ സാഹചര്യത്തിൽ അതിന്റെ മുന്നോടിയായി കൊണ്ടുവന്ന ഈ പുതിയ താല്ക്കാലിക ഭേദഗതിയുടെ കൂട്ടത്തിൽ ഞാൻ ഉന്നയിച്ച ഈ ഭേദഗതികൂടി ഉൾപ്പെടുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ശ്രീ. എം. എം. ഹസ്സൻ : സർ, ആർബിട്രേഷൻ കേസുകളിൽ അസിസ്റ്റന്റ് രജിസ്ട്രാർമാർക്ക് അധികാരം കൊടുക്കുന്ന ഒരു ഭേദഗതിയുണ്ട്. അതിൽ സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുക്കുന്ന ആളുകളിൽ നിന്ന് തിരിച്ചു പിടിക്കാൻ ഇന്നുണ്ടായിട്ടുള്ള തടസ്സം കൊണ്ടാണ് കോടതിവിധിയുടെ അടിസ്ഥാനത്തിൽ നമ്മൾ ഈ നിയമം

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവന്നത്. അതേ സമയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്ന ഒരു കാര്യം സഹകരണ സംഘങ്ങൾ വഴി വായ്പയെടുത്ത അംഗങ്ങളും സംഘങ്ങളുമുണ്ട്. അവർക്കുള്ള പലിശ സബ്സിഡി എന്നു പറയുന്നത്, അവരുടെ ലാൻഡ് ഡവലപ്മെന്റ് ബാങ്കുകളായാലും ഹൗസിംഗ് സൊസൈറ്റികളായാലും മറ്റു സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുത്ത ആളുകൾക്ക് ഈ വായ്പ കൃത്യസമയത്ത് തിരിച്ചുകൊടുക്കാതിരിക്കുന്നതു മൂലം അവർ വളരെ ക്ലേശം അനുഭവിക്കുകയാണ്. നമ്മൾ ഒരു വശത്ത് ശക്തിയായി അവർ തരേണ്ട പണം തിരിച്ചെടുക്കാനുള്ള നിയമ നടപടികൾ എടുക്കുമ്പോൾ അതിനുള്ള നിയമഭേദഗതി വരുത്തുമ്പോൾ ഗവൺമെന്റിൽ നിന്ന് കൊടുക്കാനുള്ളതും അതേ വേഗതയിൽ തന്നെ കൊടുക്കണം. അല്ലെങ്കിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനം നിശ്ചലമാകും. പ്രൈമറി ലാൻഡ് ഡവലപ്മെന്റ് ബാങ്കുകൾ, ഹൗസിംഗ് സൊസൈറ്റികൾ ക്രെഡിറ്റ് സൊസൈറ്റികൾ ഇതിലെല്ലാം വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ട്. അതുകൊണ്ട് സഹകരണ രംഗത്ത് ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സാമ്പത്തിക ബുദ്ധിമുട്ട് കൊണ്ടു കഴിയുന്നില്ലെങ്കിൽ ഗവൺമെന്റ് ഉത്തരവുകളിൽ കൂടി ചില ഭേദഗതികൾ വരുത്തി ആസംഘങ്ങളുടെ പ്രവർത്തനം സുഗമമാക്കാൻ കഴിയും. ആ കാര്യം കൂടി ഗവൺമെന്റ് പരിഗണിക്കണമെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ. ചന്ദ്രശേഖരൻ ഇവിടെ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെക്കുറിച്ച് ചൂണ്ടിക്കാണിക്കുകയുണ്ടായി. കഴിഞ്ഞ തവണയും ഇതിനെക്കുറിച്ച് മറ്റൊരു കാര്യം പരാമർശനത്തിന് വിധേയമായിരുന്നു. ഒരു ഷെയറിന് ഒരു വോട്ട് എന്നുള്ളനിലയിലുള്ള പ്രവർത്തനം 101-ാം വകുപ്പ് ഉപയോഗിച്ച് വ്യവസായ വകുപ്പിൽ നടത്തിയതായി ആരോപിച്ചിരുന്നു. സർ, അത് ശരിയല്ല. സഹകരണ മേഖലയിൽ ആ തത്വം ഒരിക്കലും സ്വീകാര്യമല്ല. അത് തെറ്റായ നടപടിയായിരുന്നുവെന്ന് ഞാൻ വ്യക്തമാക്കുകയാണ്. ഇവിടെ നോമിനേഷനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ. ചന്ദ്രശേഖരൻ പറഞ്ഞു. അതുപോലെതന്നെ സൂപ്പർസീഡ് ചെയ്യുന്നതിനെക്കുറിച്ചും അദ്ദേഹം പറഞ്ഞു. ഒരു സംഘം സൂപ്പർസീഡ് ചെയ്യുകയാണെങ്കിൽ നിയമാനുസൃതമായി എല്ലാ നടപടികളും പൂർത്തിയാക്കിയിരിക്കണം. ആ സംഘം അതിന്റെ ബൈലായിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അനുഷ്ഠിക്കാതിരിക്കുകയും സാമ്പത്തികമായ ക്രമക്കേടുകൾ വരുത്തുകയും ചെയ്യുന്ന ഒട്ടേറെ കാര്യങ്ങളുണ്ട്. അവർക്ക് നോട്ടീസ് കൊടുക്കാനും അവരുടെ ആക്ഷേപങ്ങൾ കേൾക്കാനും ഈ നടപടികളൊക്കെ പൂർത്തിയാക്കിയാൽ മാത്രമേ സാധിക്കുകയുള്ളൂ. അതിനുശേഷമേ സൂപ്പർസീഡ് ചെയ്യാനുള്ള നടപടികളെടുക്കുകയുള്ളൂ.

ഇവിടെ എസ്. സി./എസ്. ടി. ക്കാരുടെ പ്രൊമോഷനിൽ വരുത്തേണ്ട റിസർവേഷനെക്കുറിച്ച് പറഞ്ഞു. ഇപ്പോൾ ഗവൺമെന്റ് സർവ്വീസിൽപ്പോലും പ്രൊമോഷനിൽ റിസർവേഷൻ ഇല്ല. സർക്കാർ സർവ്വീസിൽപ്പോലും ഇല്ലാത്ത ഒരു കാര്യം ആട്ടോണമസ് സ്ഥാപനങ്ങളായ സഹകരണ സംഘങ്ങളിൽ എങ്ങനെയാണ് കൊണ്ടുവരാൻ കഴിയുന്നത്? അത് ഇപ്പോൾ സാദ്ധ്യമല്ലെന്നു പറയാൻ ഞാൻ നിർബ്ബന്ധിതനായിരിക്കുകയാണ്.

മറ്റൊരു കാര്യം ഇവിടെ ശ്രീ. വർക്കല രാധാകൃഷ്ണൻ പറഞ്ഞത്, ഇവിടെ കോംപ്രിഹെൻസീവ് ബിൽ വരുന്നുയെന്നു പറയുന്നതല്ലാതെ അത് വരുന്നില്ലെന്നാണ് അത് എന്റെ കാലത്ത് കൊണ്ടുവരാൻ കഴിയുകയില്ലെന്നും അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു. കോംപ്രിഹെൻസീവ് ബിൽ തയ്യാറായി എല്ലാ അറേഞ്ച്മെന്റുകളും നടന്ന് തർജ്ജമയുടെ രൂപത്തിലിരിക്കുകയാണ്. എന്റെ ആത്മാർത്ഥമായ പരിശ്രമം ഇതിന്റെ പിന്നിലുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ അനുവദിക്കുകയാണെങ്കിൽ, ബഹുമാനപ്പെട്ട സഭാ നേതാവ് അനുവദിക്കുകയാണെങ്കിൽ അത് ഈ സഭയിൽത്തന്നെ അവതരിപ്പിക്കാൻ കഴിയുമെന്നാണ് എന്റെ ഉറച്ച വിശ്വാസം.

ബഹുമാനപ്പെട്ട മെമ്പർ ശ്രീ. നാലകത്ത് സൂപ്പി ബാക്ക്വേഡ് കമ്മ്യൂണിറ്റിക്കുള്ള റിസർവേഷനെക്കുറിച്ച് പറഞ്ഞു. നമ്മുടെ സഹകരണ മേഖലയിൽ സർക്കാരിന്റെ ഷെയർ ഒരു നയാപൈസപോലുമില്ലാത്ത ആയിരക്കണക്കിന് സ്ഥാപനങ്ങളും ഈ സംസ്ഥാനത്തുണ്ട്. അങ്ങനെയുള്ള ആട്ടോണമസ് സ്ഥാപനങ്ങളിലൊക്കെ ഇത് അടിച്ചേല്പിക്കാൻ നമുക്ക് സാധിക്കുകയില്ല. ഇത് ജനങ്ങളുടെ പ്രസ്ഥാനമാണ്. സർക്കാർ സർവ്വീസല്ല. പബ്ലിക് സർവ്വീസ് കമ്മിഷന്റെ രൂപത്തിലുള്ള നിയമനം ഇതിൽ അടിച്ചേല്പിക്കാൻ നമുക്ക് സാദ്ധ്യമല്ലാത്ത സാഹചര്യമാണുള്ളത്. ഇത് സർക്കാർ സർവ്വീസില്ലാത്തതുകൊണ്ട് പി. എസ്. സി. യുടെ മാനദണ്ഡം ഇതിൽ സ്വീകരിക്കുവാൻ നമുക്ക് വിഷമമുണ്ടായിട്ടുണ്ട്. അത് ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്.

ശ്രീ. എം. എം. ഹസ്സൻ : ചൂണ്ടിക്കാണിച്ച ആർബിട്രേഷൻ കേസുകളെ സംബന്ധിച്ചും പല്ലിശ്ശ സബ്സിഡിയെ സംബന്ധിച്ചും ഗവൺമെന്റ് പരിഗണിക്കുന്നുണ്ട്. ആർബിട്രേഷനെ സംബന്ധിച്ച് വളരെ കാര്യമായി കോടതിയിലുണ്ടായ വലിയ ഒരു അപാകത തിരുത്തുന്നതിനാണ് ഭൂമ്മയം ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. 69-ാം വകുപ്പിന് ഒരു വശദീകരണമുണ്ട്. 70-ാം വകുപ്പിന് (ബി) ക്കും (സി) ക്കുമുള്ള ഒരു അപാകത, ഒരു കീഴുദ്യോഗസ്ഥൻ മേലുദ്യോഗസ്ഥനോട് തന്റെ മുമ്പിലുള്ള കേസ് നിർദ്ദേശിച്ചാൽ എന്ത് ചെയ്യാൻ കഴിയും ? ഈ അപാകത കോടതി ചൂണ്ടിക്കാണിക്കുകയും ആ അപാകത ഭാവിയിൽ ഒഴിവാക്കുന്നതിന് ഈ നിയമം ഉണ്ടായ കാലം മുതൽ (15-5-1969 മുതൽ) ഈ തെറ്റുകൾ തിരുത്തി ഒരിക്കലും ഒരു പഴുതില്ലാത്ത രീതിയിൽ ഭേദമാക്കുകയുമാണ് നമ്മൾ ചെയ്യുന്നത്. പൂർണ്ണമായ നിയമം കൊണ്ടുവരുന്നതിന് ഞാൻ അങ്ങേയറ്റം ശ്രമിക്കുന്നതായിരിക്കും. ഇൻറെറസ്റ്റ് സബ്സിഡി കൊടുക്കുന്നതിനെക്കുറിച്ച് വളരെ ഗൗരവമായി ഞാൻ നേരത്തെ പറഞ്ഞത് ആവർത്തിക്കുകയാണ്. കൃഷിക്കാർക്കും ഭവന നിർമ്മാണ സംഘക്കാർക്കും കൊടുക്കാനുള്ള ഇൻറെറസ്റ്റ് സബ്സിഡി കൊടുക്കുന്നതിന് സർക്കാർ ആത്മാർത്ഥമായി ശ്രമിക്കുമെന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

1986 ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ പാസ്സാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പാസ്സായതായി പ്രഖ്യാപിക്കപ്പെട്ടു.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 നവംബർ 18-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.59ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly